97 (654) ചേർപ്പ് നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഏഴ് ഗ്രാമപഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന വില്ലേജാഫീസുകൾ ഏതൊക്കെയാണ്; ഇവ ഓരോന്നിലും ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാം;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര വില്ലേജാഫീസുകൾ ചേർപ്പ് മണ്ഡലത്തിൽ ഉണ്ട്; ഈ വില്ലേജ് ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എത്ര ഗ്രൂപ്പ് വില്ലേജുകൾ ഈ മണ്ഡലത്തിലുണ്ട്; അവ ഏതൊക്കെ;

(ഡി) ഗ്രൂപ്പ് വില്ലേജുകൾ നിറുത്തലാക്കി പുതിയ വില്ലേജ് ഓഫീസുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ വല്ലച്ചിറ, ആറാട്ടുപുഴ വില്ലേജുകൾ പ്രസ്തുത പഞ്ചായത്തിൽത്തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) അന്തിക്കാട് വില്ലേജിനോട് ചേർന്നുള്ള പുള്ളിൽ പുതിയ വില്ലേജ് അനുദിക്കുമോ?

ഉത്തരം

(എ) ഗ്രൂപ്പ് വില്ലേജുകളായ ചേർപ്പ്, ചൊവ്വന്നൂർ, പാറളം, ആവിണിശ്ശേരി, കൂർക്കഞ്ചേരി, കുറുംപിലാവ്, താന്നും, വടക്കുംമുറി, ചാഴൂർ എന്നിവ ചേർപ്പ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നു.

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം ഉണ്ട്.

(സി) ചേർപ്പ് – ഊരകം, ചേർപ്പ്
ചൊവ്വന്നൂർ – ആറാട്ടുംപുഴ, ചൊവ്വന്നൂർ
പാറളം – പാറളം, പള്ളിപ്പുറം, കോടന്നൂർ
ആവിണിശ്ശേരി – ആവിണിശ്ശേരി പാലിശ്ശേരി, വെങ്ങിണിശ്ശേരി
കുറുംപിലാവ് – കുറുംപിലാവ്, ഇഞ്ചമുടി
താന്നും – താന്നും, കീഴുപ്പിള്ളിക്കര
വടക്കുംമുറി – വടക്കുംമുറി, കിഴക്കുംമുറി
ചാഴൂർ – ചാഴൂർ, ആലപ്പാട്

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ഇ)&(എഫ്) പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

98 (655) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് അകായർ ചെയ്ത സ്ഥലം

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly